**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2019 - 20 - പാലക്കാട് എരിമയൂർ ഗ്രാമപഞ്ചായത്ത്- **'ചുള്ളിമട-മാരക്കാവ് -മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം'** എന്ന പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.647/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1) 13.06.2021-ലെ സ.ഉ.(സാധാ.) നം.1135/2021/ത.സ്വ.ഭ.വ.
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.04.2022-ലെ DB5/2998/2022/CE/LSGD-നമ്പർ കത്ത്
3) 26.07.2022-ലെ സ.ഉ.(സാധാ.) നം.1803/2022/ത.സ്വ.ഭ.വ.
4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.10.2025-ലെ LSGD/PD/9898/2024-DB5നമ്പർ കത്ത്

ഉത്തരവ്

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ) ക്രമ നമ്പർ 1664 ആയി ഉൾപ്പെട്ട എരിമയൂർ ഗ്രാമപഞ്ചായത്തിലെ **'ചുള്ളിമട-മാരക്കാവ് -മലയപ്പൊതി-ചിതലിപ്പാലം റോഡ് നിർമ്മാണം'** എന്ന പ്രവൃത്തിക്ക് ബജറ്റിൽ അംഗീകരിച്ച എസ്റ്റിമേറ്റായ 350.00 ലക്ഷം രൂപക്കുപരിയായി ആവശ്യമുള്ള 400.00 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന നിബന്ധനയ്ക്കു വിധേയമായി 750.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകിയും, പ്രസ്തുത പ്രവൃത്തിയ്ക്കുള്ള സംസ്ഥാന വിഹിതമായ 350.00 ലക്ഷം രൂപ **"4515-00-800-92(NP-V)"** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2.) തുടർന്ന് റോഡിന്റെ വിവിധ ഭാഗങ്ങളിൽ 2019-20, 2020- 21, 2021- 22 എന്നീ സാമ്പത്തിക വർഷങ്ങളിൽ എരിമയൂർ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടെന്നും, ബജറ്റിൽ വകയിരുത്തിയ 3.5 കോടി രൂപയ്ക്ക് ടി പ്രവൃത്തിയുടെ ബാക്കി വരുന്ന ഭാഗം പൂർത്തീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവ് പുന:പരിശോധിച്ച് 3. 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകിയും, ഇതിനാവശ്യമായ ചെലവ് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. .

3) പ്രസ്തുത പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്

സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് വിവിധ ഘട്ടങ്ങളിലായി DSoR റിവിഷൻ വരുകയും, എസ്റ്റിമേറ്റിൽ അടങ്കൽ തുക അധികരിക്കാതെ ഭേദഗതികൾ ആവശ്യമായി വന്നിട്ടുള്ളതിനാലും, ഇറിഗേഷൻ വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കേണ്ട സാഹചര്യം വന്നതിനാലും, ഭരണാനുമതി കാലയളവിനുള്ളിൽ സാങ്കേതികാനുമതി ലഭ്യമാക്കി എഗ്രിമെന്റിൽ ഏർപ്പെടുവാൻ കഴിഞ്ഞില്ലെന്നും ബഹു.ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ അറിയിച്ചതിന്റ അടിസ്ഥാനത്തിൽ പദ്ധതി PMC വ്യവസ്ഥയിൽ നിർവ്വഹിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന് എരിമയൂർ ഗ്രാമ പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും, 05.02.2025-ന് കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡിന്റെ ഭൂരിഭാഗം നീളവും ഇറിഗേഷൻ കനാൽ ബണ്ടായതിനാൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ഇറിഗേഷൻ വകുപ്പിൽ നിന്നും എൻ.ഒ.സി ആവശ്യമാണെന്നും കൂടാതെ അതിരുകൾ നിശ്ചയിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുവാദം ലഭിക്കണമെങ്കിൽ സാങ്കേതിക അനുമതി ലഭ്യമാക്കിയ D.P.R. സമർപ്പിക്കേണ്ടതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ചു സാധൂകരണം നൽകി ഉത്തരവുണ്ടാകണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം, ഭരണാനുമതി നൽകിയ "പാലക്കാട് എരിമയൂർ ഗ്രാമപഞ്ചായത്ത് **"ചുള്ളിമട -മാരക്കാവ് -മലയപ്പൊതി - ചിതലിപ്പാലം റോഡ് നിർമ്മാണം"** എന്ന പ്രവൃത്തിക്ക് DSOR 2021 പ്രകാരം price software-ൽ തയ്യാറാക്കിയ 350 ലക്ഷം രൂപയുടെ (മുന്നൂറ്റി അമ്പത് ലക്ഷം രൂപയുടെ) എസ്റ്റിമേറ്റിന് ചുവടെ പറയുന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ Remarks-ന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകി **"4515-00-800-92(NP-V)"** എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## Remarks

1. The TS authority shall ensure that the design and thickness of pavement crust proposed are adequate with respect to traffic loading and site conditions, in compliance with the relevant codal provisions;
2. The scarified or dismantled pavement layers shall be re-used as sub base or at shoulders with proper compaction;
3. NOC from Irrigation and other concerned authorities, wherever applicable, shall be obtained prior to execution;
4. The T.S. authority shall review the necessity of providing quarry muck filling for 15 cm on proposed concrete road in addition to GSB and WMM layers: and CC Side protection walls may be substituted with DRM with RCC belt based on prevailing CTE circulars/orders;
5. Defect liability period of the proposed road reach shall be ensured. Also, duplication of proposals under different schemes for the same

reach may be avoided;

6. The correctness of the rates adopted for the observed data included in the estimate and the working chainages, shall be ensured by the TS authority;
7. The competent authority shall ensure the admissibility of provisions included in the estimate with the site conditions before issuing the Technical Sanction;
8. The Chief Engineer is also requested to strictly ensure that there is no duplication of fund under any other scheme for the concerned road reach.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E.1520068/DEV-3/60/2020-FIn dated 06.03.2026) (AS/LGD/25/49592 , കാലാവധി 6/3/2029)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ.(DB2/736/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 10-03-2026 11:02:32